DD3-25/22/LSWD



"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്ട്-2021- കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും ക്ഷേമനിധി സംബന്ധിച്ച മറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.307/2022/LSGD തീയതി,തിരുവനന്തപുരം, 10-02-2022

---

പരാമർശം:-

1. ഗസറ്റ് വിജ്ഞാപനം നം.3116/ലെഗ്.സി3/2021/നിയമം തീയതി 14.11.2021
2. 14.01.2022 ലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ NREGA/239/2021 -E3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടേയും പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷേമാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനു ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായി പരാമർശം (1) പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്ട്-2021, സർക്കാർ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്കനുസരണമായി നിയതമായ ചട്ടങ്ങളും ക്ഷേമനിധിപദ്ധതിയും ക്ഷേമനിധി ബോർഡും രൂപീകരിക്കേണ്ടതുണ്ട്.

2. നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതുണ്ടെന്നും ആയതിനാൽ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണത്തിനായി തൊഴിലുറപ്പ് മിഷൻ മുഖേന നടപടികൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകണമെന്നും പരാമർശം(2) പ്രകാരം MGNREGS മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേൽ വിവരിച്ച സാഹചര്യത്തിൽ ലോ ഓഫീസർമാർ, വിഷയവിദഗ്ധർ എന്നിവർ ഉൾപ്പെടുന്ന ഉചിതമായ ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയെ അടിയന്തിരമായി നിയമിച്ച് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്ട്-2021-ലെ വ്യവസ്ഥകൾക്കനുസൃതമായുള്ള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ചട്ടങ്ങൾ, തൊഴിലുറപ്പ് തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയുടെ കരട് തയ്യാറാക്കി മൂന്നാഴ്ചയ്ക്കകം സർക്കാരിൽ സമർപ്പിക്കാൻ ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി

സംബന്ധിച്ച മറ്റ് പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതലയും ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 11-02-2022 10:32:18
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്